# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിൻെറ പ്രതീകം

VOL. 21 No. 07 PUBLISHED FROM DELHI PRICE Rs. 3/- JULY 2017

## ദൈവരാജ്യ പ്രവേശനത്തിനുള്ള പ്രാഗത്ഭ്യം നഷ്ടപ്പെടുത്തരുത്: പാസ്റ്റർ സോളമൻ ബേബി

**അടൂർ**: ദൈവരാജ്യ പ്രവേശനത്തിനുള്ള പ്രാഗത്ഭ്യം ദൈവമക്കൾ നഷ്ടപ്പെടുത്തി പിശാചിന്റെ കെണിയിൽ വീണു പോകരുതെന്ന് ഫെയ്ത്ത് ഫെലോഷിപ്പ് പത്തനാപുരം ടൗൺ ചർച്ച് ശുശ്രൂഷകനായ പാസ്റ്റർ സോളമൻ ബേബി പ്രസ്താവിച്ചു. ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് കേരളാ റീജന്റെ ആഭിമുഖ്യത്തിൽ അടൂർ സഭാഹാളിൽ വച്ച് 2017 ജൂൺ 19 മുതൽ 25 വരെ നടന്ന ഉപവാസ പ്രാർത്ഥനയുടെ സമാപനത്തോടനുബന്ധിച്ചുള്ള റീജൻ സംയുക്താരാധനയിൽ മുഖ്യസന്ദേശം നൽകുകയായിരുന്നു അദ്ദേഹം.



പാസ്റ്റർ സോളമൻ ബേബി സംയുക്താരാധനയിൽ മുഖ്യസന്ദേശം നൽകുന്നു

ദൈവരാജ്യത്തിൽ പ്രവേശിക്കണമെങ്കിൽ മനോഭാവങ്ങൾക്ക് മാറ്റം ഉണ്ടായി ചിന്തയിലും പ്രവർത്തിയിലും ശിശുത്വം പ്രാപിച്ച് ദൈവവചനത്തിന് കീഴ്പ്പെട്ട് അനുദിനം വിശുദ്ധിയിൽ ജീവിതം നയിക്കണമെന്ന് മത്തായി 18: 2,3 വാക്യങ്ങൾ ആസ്പദമാക്കി അദ്ദേഹം സംസാരിച്ചു.

ദൈവരാജ്യ പ്രവേശനത്തിന് തടസ്സമായി എന്താണ് നമ്മുടെ ജീവിതത്തിൽ ഉള്ളതെന്ന് നാം അനുദിനം ശോധന ചെയ്യേണ്ടിയിരിക്കുന്നു. നമ്മുടെ രഹസ്യ- പരസ്യ ബന്ധങ്ങളോ, നമ്മുടെ വാക്കുകളോ, നോട്ടമോ, ചിന്തയോ പ്രവർത്തിയോ, ഫോണോ, വാഡ്സ്ആപ്പോ, ഫെയ്സ്ബുക്കോ എന്താണ് വിശുദ്ധ ജീവിതത്തിൽ നിന്ന് തെറ്റിക്കുന്നത് എന്ന് തിരിച്ചറിഞ്ഞ് അതിനെ ഉപേക്ഷിക്കണമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു.

റീജൻ സെക്രട്ടറി പാസ്റ്റർ വി. എം. ഏബ്രഹാം അദ്ധ്യക്ഷത വഹിച്ച സംയുക്താരാധനയിൽ പാസ്റ്റർ ബിജു പാപ്പച്ചൻ സങ്കീർത്തനം വായിക്കുകയും പാസ്റ്റർ ബ്ലസൻ ബേബി സങ്കീർത്തന പ്രബോധനം നിർവ്വഹിക്കുകയും ചെയ്തു. തുടർന്ന് ഇവാ. ഷൈജു ജോൺ, ബ്രദർ ഷിബു തമ്പി എന്നിവർ ലഘു സന്ദേശങ്ങൾ നൽകി. വചന ശുശ്രൂഷയ്ക്ക് ശേഷം റീജൻ ട്രഷറാർ പാസ്റ്റർ സുമേഷ് പി. ലാസർ തിരുവത്താഴ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. സീനിയർ ശുശ്രൂഷകൻ പാസ്റ്റർ ഡി. ജോൺ പ്രാർത്ഥിച്ച് യോഗം അവസാനിച്ചു.

റീജൻ കോ-ഓഡിനേറ്റർ പാസ്റ്റർ എബി ജോർജ് ഉപവാസ പ്രാർത്ഥനയിലും സംയുക്താരാധനയിലും പങ്കെടുത്തവർക്ക് കൃതജ്ഞത അറിയിച്ചു.

## കേരളാ റീജൻ ഉപവാസ പ്രാർത്ഥന

**അടൂർ**- ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് കേരളാ റീജന്റെ ആഭിമുഖ്യത്തിൽ അടൂർ സഭാഹാളിൽ വച്ച് 2017 ജൂൺ 19 മുതൽ 25 വരെ ഉപവാസ പ്രാർത്ഥന നടന്നു. 19 ന് രാവിലെ 10.30 റീജൻ കോ-ഓഡിനേറ്റർ പാസ്റ്റർ എബി ജോർജ് പ്രാർത്ഥിച്ച് ആരംഭിച്ച ഉപവാസ പ്രാർത്ഥനയിൽ റീജനിലെ ദൈവദാസന്മാരും വിശ്വാസികളും പങ്കെടുത്തു.

റീജൻ കോ-ഓഡിനേറ്റർ പാസ്റ്റർ എബി ജോർജ്, സെക്രട്ടറി വി. എം. ഏബ്രഹാം, ട്രഷറാർ പാസ്റ്റർ സുമേഷ് പി. ലാസർ എന്നിവർ യോഗങ്ങൾക്ക് നേതൃത്വം നൽകി.

വിവിധ സെഷനുകളിലായി റീജനിലെ ദൈവദാസന്മാരും അതിഥികളായി കടന്നുവന്ന ദൈവദാസന്മരും ദൈവവചനത്തിൽ നിന്നും സംസാരിച്ചു.

## സ്നേഹസോപാനം മ്യൂസിക്ഫെസ്റ്റ്

**കോട്ടയം**: പ്രശസ്ത ക്രിസ്തീയ സംഗീതജ്ഞൻ പാസ്റ്റർ ഭക്തവൽസലൻ നയിക്കുന്ന സ്നേഹസോപാനം മ്യൂസിക് ഫെസ്റ്റ് 2017 ജൂലൈ 28 – ആഗസ്റ്റ് 15 വരെ കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ നടത്തുന്നു. യു.എ.ഇയിൽ നിന്നുള്ള എട്ടംഗ ടീമിനോടൊപ്പം കേരളത്തിലെ കലാകാരന്മാരും ചേർന്ന് അവതരിപ്പിക്കുന്ന ഈ സംഗീതപരിപാടിയിൽ പാസ്റ്റർ ഭക്തവൽസലനോടൊപ്പം മറ്റു പ്രശസ്ത ഗായകരും ഗാനങ്ങൾ ആലപിക്കും. സംഗീതത്തിന്റെ സമസ്തമേഖലകളിലും 46 വർഷമായി തനതു വ്യക്തിമുദ്ര പതിപ്പിച്ച പാസ്റ്റർ ഭക്തവൽസലൻ രചനയും സംഗീതവും നിർവ്വഹിച്ചിട്ടുള്ള ഗാനങ്ങളാണ് മ്യൂസിക്ഫെസ്റ്റിൽ ആലപിക്കുന്നത്. 'പരിശുദ്ധൻ മഹോന്ന

(ശേഷം രണ്ടാം പേജിൽ)

## ഇവിടെ സഹിഷ്ണത ആവശ്യം

**പാസ്റ്റർ ജോൺസൻ ബി. ന്യൂഡൽഹി**

**ഭാ**രതത്തിന്റെ രാഷ്ട്രപിതാവ് മഹാത്മഗാന്ധി ഒരിക്കൽ പറഞ്ഞു. "ക്ഷമിക്കുക എന്നത് കരുത്തർക്ക് പറഞ്ഞിട്ടുള്ളതാണ്; ദുർബലർക്ക് അത് പറഞ്ഞിട്ടില്ല" ഈ സാരോപദേശം പറഞ്ഞു തന്ന ആ മഹാത്മാവിന്റെ രാജ്യം ഇന്ന് അസഹിഷ്ണുതയുടെ മണ്ണായി മാറി. അഹിംസയിലൂടെ ഭാരതത്തിന് സ്വാതന്ത്ര്യം നേടി തന്ന ഗാന്ധിജിയുടെ ഘാതകനായ നാഥുറാം ഗോഡ്സെയെ തൂക്കിലേറ്റിയതിന്റെ വാർഷിക ദിവസമായ നവംബർ 15-ാം തീയതി "ബറ്റാലിയൻ ദിവസം" ആയി ആചരിക്കും എന്ന് പ്രഖ്യപിച്ചു കഴിഞ്ഞു.

നമ്മുടെ ഭാരതം അസഹിഷ്ണുതയുടെ പാതയിൽ ആണ് ഇപ്പോൾ. സാമൂഹിക തെറ്റുകളെയും ജാതീയ ആചാരങ്ങളെയും ചോദ്യം ചെയ്യുന്ന ആരെയും നിഷ്കരണം പട്ടാപ്പകൽ പോലും കൊലപ്പെടുത്തുന്നു. പ്രഭാതഭക്ഷണം വായിലിരിക്കുമ്പോൾ തന്നെ വീട്ടിലെത്തിയ വർഗ്ഗീയ കാട്ടാളന്മാരുടെ വെടിയേറ്റു പിടഞ്ഞുവീണ കന്നട എഴുത്തുകാരൻ എം.എം. കൽബുർഗിയും മഹാരാഷ്ട്രയിലെ എഴുത്തുകാരനായ നരേന്ദ്ര ദാംബോൽക്കറും അതിന്റെ ഇരകളാണ്.

മനുഷ്യൻ മതങ്ങൾക്കുവേണ്ടി മാത്രം സൃഷ്ടിക്കപ്പെട്ട ഇരുകാലികളാണെന്ന് വിശ്വസിക്കുന്ന ചില മതാന്ധൻമാർ നാല്ക്കാലികളുടെ വിലപോലും നൽകാതെ മതവിദ്വേഷം ജനങ്ങളിലേക്ക് ഇളക്കിയിട്ട് നിർദ്ദാക്ഷണ്യം വെട്ടിനുറുക്കുന്നു. മൃഗ ഹിംസ പാടില്ല എന്ന് പറയുന്നവർ മൃഗത്തിന്റെ പേരിൽ മനുഷ്യഹിംസ നടത്തി മൃഗത്തേക്കാൾ അധഃപതിക്കുന്നു. മൃഗമാംസം കഴിക്കുന്നില്ല എന്ന് പറയുമ്പോൾ തന്നെ മനുഷ്യമാംസം പിച്ചിചീന്തുന്നു.

ഭാരതത്തിന്റെ ഭരണസിരാകേന്ദ്രമായ ഡൽഹിയിൽ നിന്നും അധികം അകലെ അല്ലാത്ത ഉത്തർപ്രദേശിലെ ദാദ്രിയിൽ ഗോമാംസം കഴിച്ചുവെന്നാരോപിച്ച് മുഹമ്മദ് അഖ്‌ലാഖ് എന്ന 50 വയസ്സുകാരനെ 200ഓളം വരുന്ന ജനക്കൂട്ടം ഇഷ്ടികകൊണ്ട് ഇടിച്ചു കൊലപ്പെടുത്തി. ജമ്മുകാശ്മീരിലെ ഉദംപൂരിൽ ഭക്ഷ്യവിഷബാധയേറ്റ് ചത്ത രണ്ട് പശുക്കളുടെ പേരിൽ ഗോവധ പ്രതിക്ഷേധകർ പെട്രോൾ ബോംബെറിഞ്ഞ് 16-കാരൻ കൊല്ലപ്പെട്ടു.

സ്വതന്ത്ര എം. എൽ. എ ആയ എൻജീനീയർ റഷീദിനെ ബീഫ് പാർട്ടി നടത്തിയതിന്റെ പേരിൽ ജനാധിപത്യത്തിന്റെ നിയമനിർമ്മാണ സഭയിൽ വച്ച് ഫാസിസ്റ്റ് എം.എൽ.എമാർ കൂട്ടം ചേർന്ന്

(ശേഷം മൂന്നാം പേജിൽ)




യൂടൂബിൽ കാണുവാൻ *വിശ്വാസ വീഥി* എന്ന് ടൈപ്പ് ചെയ്യുക

*ഉൾപേജുകളിൽ...*

വിശ്വസ്ത ധന വിനിയോഗം : പാസ്റ്റർ എം.സാമുവൽകുട്ടി

കൃപയും ആരാധനയും ഭക്തിയും : പാസ്റ്റർ അലക്സാണ്ടർ സാമുവൽ

ഉത്തമമായ ആതിഥ്യം : സാംസൺ സാമുവൽ

പത്രാധിപ ലേഖനം.......

# വിശ്വസ്ത ധനവിനിയോഗം



**ക**ർത്താവായ യേശു തന്റെ പ്രഭാഷണങ്ങളിലും ഉപമകളിലും ആത്മികസമ്പത്തിനെക്കുറിച്ച് വളരെയധികം പ്രതിപാദിച്ചിരുന്നു. എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം ധനസമാഹരണമാണ് എന്ന് കരുതിയിരുന്ന ദരിദ്രരായ ആളുകളോടാണ് യേശു പലപ്പോഴും ശുശ്രൂഷ ചെയ്തത്. എന്നാൽ ദരിദ്രന്മാരുടെ ആവശ്യങ്ങൾ വ്യക്തമായി അറിഞ്ഞുകൊണ്ടുതന്നെ തന്റെ മാതൃക പിൻപറ്റി താങ്ങൾക്കുള്ളത് മറ്റുള്ളവരുമായി പങ്കുവയ്ക്കുവാൻ കർത്താവ് തന്റെ അനുയായികളെ ഉദ്ബോധിപ്പിച്ചു. ആദിമസഭയിലെ ദൈവമക്കൾ തങ്ങളുടെ ധനം സന്തോഷപൂർവ്വം ആവശ്യക്കാർക്കായി പങ്കുവച്ചിരുന്നു.

മുടിയനായ പുത്രന്റെയും അവന്റെ ജേഷ്ഠ സഹോദരന്റെയും ചിത്രീകരണത്തിലൂടെ, യേശു ജീവിതത്തിന്റെ രണ്ടു വ്യത്യസ്ത തത്വങ്ങളെയാണ് വിശദീകരിച്ചത്. മാനസാന്തരത്തിനു മുമ്പ് മുടിയൻ പുത്രൻ ജീവിതം പാഴാക്കി, എന്നാൽ ഒരു വിശ്വസ്ത വേലക്കാരനെപ്പോലെ മൂത്തപുത്രൻ തന്റെ ജീവിതം ചെലവഴിക്കുക മാത്രം ചെയ്തു. രണ്ട് രീതിയും തെറ്റാണ്. കാരണം, മറ്റുള്ളവരുടെ നന്മയ്ക്കും ദൈവത്തിന്റെ മഹത്വത്തിനും വേണ്ടി നമ്മുടെ ജീവിതം നാം നിക്ഷേപിക്കേണ്ടതുണ്ട്. അതിനെക്കുറിച്ച് ലൂക്കൊസ് 16-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നു.

ജീവിതം ഒരു കാര്യവിചാരകത്വം ആണ്. നമുക്ക് ദൈവത്താൽ നൽകപ്പെട്ടിരിക്കുന്ന അവസരങ്ങൾ വിശ്വസ്തതയോടെ നാം ഉപയോഗിക്കണം. നമുക്ക് ദൈവത്താൽ ലഭിക്കപ്പെട്ടിട്ടുള്ളതെല്ലാംകൊണ്ട് എന്തുചെയ്തു എന്നതിന്റെ കണക്ക് നാം ഒരു ദിവസം കർത്താവിന് കൊടുക്കേണ്ടി വരും. അതുകൊണ്ട് സമ്പത്തിന്റെ ശരിയായതും തെറ്റായതുമായ ഉപയോഗത്തെക്കൂറിച്ച് നാം മനസ്സിലാക്കേണ്ടതുണ്ട്.

പതിനാറാം അദ്ധ്യായം ഒന്ന് മുതൽ പതിമൂന്ന് വരെയുള്ള വാകൃങ്ങൾ സമ്പത്തിന്റെ ശരിയായ ഉപയോഗത്തെക്കുറിച്ച് പ്രതിപാദിക്കുന്നു. മറ്റുള്ളവന്റെ സമ്പത്ത് കൈകാര്യം ചെയ്യുന്നവനാണ് കാര്യവിചാരകൻ. അവൻ ഒരിക്കലും ആ സമ്പത്തിന്റെ ഉടമയല്ല. എന്നാൽ യജമാനന്റെ ലാഭത്തിനുവേണ്ടി അവ ഉപയോഗിപ്പാനും അനുഭവിപ്പാനുമുള്ള അനുവാദം അവനുണ്ട്. ഒരു കാര്യവിചാരകനെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട കാര്യം, തന്റെ യജമാനനെ വിശ്വസ്തതയോടെ സേവിക്കുക എന്നുള്ളതാണ്. തനിക്ക് ചുറ്റുമുള്ള സമ്പത്തിലേക്ക് അവൻ നോക്കുമ്പോൾ അത് യജമാനന് ഉള്ളതാണെന്ന ബോധം കാര്യവിചാരകന് ഉണ്ടായിരിക്കണം. അതൊന്നും വ്യക്തിപരമായി തനിക്കുള്ളതല്ലെന്നും, അതുകൊണ്ട് യജമാനന് ലാഭം വരത്തക്കവിധത്തിലും യജമാനന് പ്രസാദകരമായ വിധത്തിലും ഉപയോഗിക്കണം.

ഈ അദ്ധ്യയത്തിൽ പറയപ്പെട്ടിരിക്കുന്ന കാര്യവിചാരകൻ തന്റെ സ്ഥാനം മറക്കുകയും ഒരു ഉടമസ്ഥനെപ്പോലെ പെരുമാറുവാനും തുടങ്ങി. അവൻ തന്റെ യജമാനനാൽ ശാസിക്കപ്പെട്ടു. ഈ കാര്യവിചാരകനെ നാം വിധിക്കുന്നതിനു മുമ്പ് ദൈവം നമുക്ക് തന്നിരിക്കുന്ന കാര്യങ്ങളിൽ നമ്മുടെ ജീവിതത്തിൽ നാം എത്രത്തോളം വിശ്വസ്തരാണെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. നമുക്കുള്ള ഭൗതികസമ്പത്തിന്റെ കാര്യവിചാരകന്മാരാണ് നാം. അല്പമാണെങ്കിലും അധികമാണെങ്കിലും അവ സ്വരൂപിച്ച വിധത്തിനും ഉപയോഗിച്ച വിധത്തിനും ഒരു ദിവസം നാം കർത്താവിനോട് കണക്ക് ബോധിപ്പിക്കേണ്ടതുണ്ട്.

നമ്മുടെ വരുമാനത്തിന്റെ ദശാംശം ദൈവത്തിന് കൊടുത്ത് ബാക്കിയുള്ളത് നാം ആഗ്രഹിക്കുന്നതുപോലെ ഉപയോഗിക്കുന്നതിന് അപ്പുറമായി ക്രിസ്തീയ കാര്യവിചാരകത്വം നിലനിൽക്കുന്നു. യഥാർത്ഥ കാര്യവിചാരകത്വം എന്നാൽ ദൈവം നൽകിയ എല്ലാറ്റിനും നന്ദിപറയുകയും അവൻ നയിക്കുന്നതുപോലെ അത് ഉപയോഗിക്കുക എന്നതുമാണ്. നമ്മുടെ വിശ്വസ്തമായ കാര്യവിചാരകത്വം ആരംഭിക്കുന്നതിനുള്ള ഒരു നല്ല മാർഗ്ഗമാണ് നമ്മുടെ വരുമാനത്തിന്റെ പത്ത് ശതമാനം ദൈവത്തിന് കൊടുക്കുക എന്നത്. എന്നാൽ ബാക്കിയുള്ള 90 ശതമാനം കൊണ്ട് എന്തു ചെയ്യുന്നു എന്നുള്ളത് നിയന്ത്രിക്കേണ്ടത് ദൈവമായിരിക്കണം.

ദൈവം നൽകിയിരിക്കുന്ന താലന്തുകളുടെയും വരങ്ങളുടേയും കാര്യവിചാരകന്മാരാണ് ദൈവമക്കൾ. മറ്റുള്ളവരെ സേവിക്കുന്നതിനുവേണ്ടി ആ വരങ്ങളും കഴിവുകളും നാം ഉപയോഗിക്കേണ്ടതുണ്ട്. ഒരു കള്ളൻ പറയുന്നത്; നിനക്കുള്ളത് എന്റേതാണ്. ഞാൻ അത് എടുക്കും. ഒരു സ്ഥാർത്ഥൻ പറയുന്നത്: എനിക്കുള്ളത് എന്റേതാണ്. ഞാൻ അത് സൂക്ഷിക്കും, എന്നാൽ ഒരു ക്രിസ്ത്യാനി പറയേണ്ടത്; എനിക്കുള്ളത് ദൈവത്തിന്റെ ദാനമാണ്, ഞാനത് പങ്കുവയ്ക്കും. നാം കാര്യവിചാരകന്മാർ. ആയതിനാൽ നഷ്ടപ്പെട്ടതിനെ നേടുവാൻ നമ്മുടെ കഴിവുകളെ നാം ഉപയോഗിക്കണം. വിശുദ്ധന്മാരെ ധൈര്യപ്പെടുത്തുവിൻ, മുറിവേറ്റ ജനത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുവാൻ...

നാം സുവിശേഷത്തിന്റെ കാര്യവിചാരകന്മാരാണ്. ദൈവം തന്റെ സ്വത്തിന്റെ നിക്ഷേപം നമ്മെ ഏൽപ്പിച്ചിരിക്കുന്നു. ആ നിക്ഷേപം കാത്തുസൂക്ഷിക്കുകയും മറ്റുള്ളവരുടെ ജീവിതത്തിൽ നാം അത് നിക്ഷേപിക്കുകയും ചെയ്യണം. സഭയുടെ ഈ നിക്ഷേപം കവർന്നുകളയുവാൻ ശത്രു ആഗ്രഹിക്കുന്നതിനാൽ നാം ധൈര്യശാലികളും ജാഗ്രതയുള്ളവരുമായിരിക്കേണം.

ഈ അദ്ധ്യായത്തിൽ യേശുകർത്താവ് മൂന്ന് മുന്നറിയിപ്പുകൾ നൽകുന്നു. ഒന്നാമത്, അവസരങ്ങൾ ബുദ്ധിപരമായി ഉപയോഗിക്കുക. ഏതെങ്കിലും ഒരു ദിവസം നമ്മുടെ ജീവിതം അവസാനിക്കും. പിന്നീട് പണം സമ്പാദിക്കാനോ, ഉപയോഗിപ്പാനോ നമുക്ക് കഴിയുകയില്ല. അതുകൊണ്ട് നമുക്ക് അവസരമുള്ളപ്പോൾ ക്രിസ്തുവിനു വേണ്ടി സുഹൃത്തുക്കളെ സമ്പാദിക്കുന്നതിൽ നാം നമ്മുടെ ധനം നിക്ഷേപിക്കണം.

രണ്ടാമതായി, നാം നമ്മുടെ ഭൗതിക സമ്പത്ത് ഉപയോഗിക്കുന്ന വഴിയിൽ വിശ്വസ്തരായിരിക്കേണം. പണം ഉപയോഗിക്കുന്നതിൽ അവിശ്വസ്തരായ ആളുകൾ ദൈവരാജ്യത്തിന്റെ യഥാർത്ഥ സമ്പത്ത് ഉപയോഗിക്കുന്നതിലും അവിശ്വസ്തരായിരിക്കും. വിശ്വസ്തരായി പണം കൈകാര്യം ചെയ്യാത്തവരുടെ പക്കൽ ദൈവം യഥാർത്ഥ ധനം ഏൽപ്പിക്കയില്ല. പൗലൊസ് പറയുന്നു: കർത്താവിന്റെ മുമ്പിൽ മാത്രമല്ല, മനുഷ്യന്റെ മുമ്പിലും എല്ലാകാര്യത്തിലും വിശ്വസ്തരായിരിക്കണം (2 കൊരി.8:21)

അവസാനമായി, ദൈവത്തിന് പൂർണ്ണ സമർപ്പിതരും ഏകഹൃദയം ഉള്ളവരുമായിരിക്കണമെന്ന് കർത്താവ് ഉപദേശിക്കുന്നു. രണ്ട് യജമാനന്മാരെ സേവിപ്പാൻ നമുക്ക് കഴിയുകയില്ല. പണത്തെ സ്നേഹിക്കുന്നത് തെരെഞ്ഞെടുത്താൽ പിന്നെ ദൈവത്തെ സ്നേഹിക്കുവാൻ കഴിയുകയില്ല. എന്നാൽ ദൈവത്തെ എല്ലാറ്റിലും മുമ്പിൽ നിർത്തുന്ന പുർണ്ണ സത്യസന്ധത, ദൈവത്തോടുള്ള പുർണ്ണ സമർപ്പണം എന്നിവ യേശു നമ്മിൽ നിന്ന് ആവശ്യപ്പെടുന്നു. നമുക്ക് വിശ്വസ്തരായി മുന്നേറാം...

പാസ്റ്റർ എം. സാമുവൽകുട്ടി

# ഉത്തമമായ ആതിഥ്യം

നാലാം പേജിൽ നിന്ന് തുടർച്ച

**6. പാദം കഴുകുക.**

അതിഥികൽക്ക് നൽകുന്ന ശുശ്രൂഷയുടെ പരമമായ ഭാവപ്രകടനമാണിത്. യേശു തന്റെ ശിഷ്യന്മാരുടെ കാല് കഴുകി, അത് തനിക്ക് അവരോട് അന്ത്യം വരെയുള്ള സ്നേഹത്തെ കാണിക്കുന്നു.

**7. സമൃദ്ധിയായി ഭക്ഷണം നൽകുക.**

ഫിലോമോനും ബോകിസും കടന്നുവന്ന പാവപ്പെട്ട വഴിപോക്കർക്ക് സമൃദ്ധിയായി ഭക്ഷണം നൽകി. ആഹാരം പങ്കുവയ്ക്കുന്നത് ജീവൻ നൽകുന്നത് പോലെയാണ്.

**8. സ്വന്തം കിടക്ക അവർക്കായി ഒഴിഞ്ഞു നൽകുക**

പ്രായമുള്ള ദമ്പതികൾ അവർ ഉപയോഗിച്ചിരുന്ന ഒരേയൊരു കിടക്ക അതിഥികൾക്ക് നൽകി. ഇവിടെയാണ് നാമും മറ്റുള്ളവരും തമ്മിൽ അതിരുകളില്ല എന്ന് വരച്ചുകാട്ടപ്പെടുന്നത്. ആതിഥ്യത്തിന്റെയും ഒരുമയുടെയും നെറുകയാണിത്. അവരുടെ ഇല്ലായ്മയിലും ആ ഭവനത്തെ ഒരു പൊതുഭവനമാക്കിയ ദമ്പതികൾ ആതിഥ്യമര്യാദയ്ക്ക് നമുക്കൊരു മാതൃകയായി നിലകൊള്ളുന്നു.

*(ചിക്കാഗോ ലൂഥറൻ സ്കൂൾ ഓഫ് തിയോളജിയിലെ വിദ്യാർത്ഥിയായ ലേഖകന്റെ* ***ആരാധനയുടെ സൗന്ദര്യം*** *എന്ന ലേഖന പരമ്പരയിൽ നിന്ന് എടുത്ത ഒരു ലേഖനം. പരിഭാഷ: പാസ്റ്റർ ബിനോയി പി. ജോൺ, ഡൽഹി)*

# സ്നേഹസോപാനം മ്യൂസിക്ഫെസ്റ്റ്

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

തദേവൻ', 'പാടുവാൻ എനിക്കില്ലിനി ശബ്ദം', 'ആരാധ്യനെ', 'മായയാമീലോകം', 'കനിവേറും യേശുനാഥാ', 'ഉയർന്നിതാ വാനിൽ' എന്നു തുടങ്ങി മലയാളി ക്രൈസ്തവരുടെ മനസ്സിൽ ആത്മ ചൈതന്യത്തിന്റെ അലകൾ ഉയർത്തിയ 250 ൽ പരം ഗാനങ്ങൾ അദ്ദേഹം രചിച്ച് ഈണം പകർന്നിട്ടുണ്ട്. ഇവയിൽ മിക്കവയും പിന്നിട്ട വഴികളിലെ ജീവിതാനുഭവങ്ങളിൽ നിന്നും ജന്മംകൊണ്ടവയാണ്. ഇന്ത്യാ ക്യാമ്പസ് ക്രൂസേഡ് ഫോർ ക്രൈസ്റ്റിന്റെ ദേശീയ സംഗീതവിഭാഗമായ ഹാർട്ട്ബീറ്റസിന്റെ ഡയറക്ടറായി ദീർഘവർഷം പ്രവർത്തിച്ച പാസ്റ്റർ ഭക്തവൽസലൻ, ബാംഗ്ലൂർ ആസ്ഥനമാക്കിയുള്ള ബേർശേബാ മിനിസ്ട്രീസ് ഇന്ത്യയുടെ ഡയറക്ടറാണ്.

# നിത്യതയിൽ

**പഴകുളം:** പഴകുളം ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് സഭാംഗവും പഴകുളം നാച്ചിങ്ങൽ വീട്ടിൽ മനുവേലിന്റെ ഭാര്യയുമായ മറിയ (77) ജൂലൈ 6ന് നിത്യതയിൽ പ്രവേശിച്ചു.

ജൂലൈ 8 ന് നടന്ന സംസ്കാര ശുശ്രൂഷയ്ക്ക് റീജൻ ഭാരവാഹികളായ പാസ്റ്റർ സുമേഷ് പി. ലാസർ, പാസ്റ്റർ എബി ജോർജ് എന്നിവർ നേതൃത്വം നൽകി.

---

**പത്തനാപുരം:** ബെഥേൽ ഗോസ്പൽ അസംബ്ലി അടൂർ സെക്ഷൻ പ്രസ്ബിറ്റർ പാസ്റ്റർ പി.ഡി. ജോൺസന്റെ പിതാവും വല്ലങ്കഴ കഞ്ചോട് പള്ളിത്താഴേതിൽ വീട്ടിൽ പാസ്റ്റർ പി.എം. ദാനിയേൽ (65) ജൂലൈ നാലിന് നിത്യതയിൽ പ്രവേശിച്ചു.

ഗ്രേസി ദാനിയേലാണ് ഭാര്യ. പാസ്റ്റർ പി.ഡി. ജോൺസൻ, പി.ഡി. തോമസ്കുട്ടി, എലിസബേത്ത് ദാനിയേൽ എന്നിവർ മക്കളും ഷൈലാ ജോൺസൻ, മിലി തോമസ്, അജി വി. എന്നിവർ മരുമക്കളുമാണ്. ഷിജോ മോൻ, ഷിബി, ഷിനി തോമസ്കുട്ടി, ഷിനോ തോമസ് കുട്ടി, അപ്സര, അഞ്ജു എന്നിവർ കൊച്ചുമക്കളുമാണ്.

ബെഥേൽ ക്രിസ്ത്യൻ ചർച്ച് പ്രസിഡന്റ് പാസ്റ്റർ തോമസ് ഏബ്രഹാം നേതൃത്വം നൽകിയ സംസ്കാര ശുശ്രൂഷയിൽ ബെഥേൽ ഗോസ്പൽ അസംബ്ലി ജനറൽ സെക്രട്ടറി പാസ്റ്റർ എം. ഓ. അനിയൻ മുഖ്യസന്ദേശം നൽകി.

എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
പാസ്റ്റർ എം. സാമുവൽകുട്ടി

അസ്സോസിയേറ്റ് എഡിറ്റേഴ്സ്
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയി പി. ജോൺ
ഷിബു തമ്പി

പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

# ഇവിടെ സഹിഷ്ണത ആവശ്യം

ഒന്നാം പേജിൽ നിന്ന് തുടർച്ച

മർദ്ദിക്കുകയും ഡൽഹിയിലെ പത്രസമ്മേളനത്തിൽ കരിഓയിൽ ഒഴിക്കുകയും ചെയ്തു.

ഒരു വർഗ്ഗീയ സംഘടനയുടെ മുഖപത്രമായ 'പഞ്ചജന്യ'യിൽ ഗോവധം നടത്തുന്നവരെ കൊല്ലാൻ വേദങ്ങളിൽ പറഞ്ഞിട്ടുണ്ടെന്ന് എഴുതി അസഹിഷ്ണതയ്ക്ക് മൂർച്ച കൂട്ടി. "ഗോവധം നടത്തുന്നവർക്ക് വധശിക്ഷയ്ക്ക് നിയമം കൊണ്ടുവരണം'' എന്ന് ജനപ്രതിനിധികളായ സാക്ഷി മഹാരാജും, 'ഗോക്കളെ വധിക്കുന്നവരെ കൊല്ലാൻ തോക്കു കൊടുക്കണം' എന്ന് എല്ലാം ത്യജിച്ച് സർവ്വസംഗ പരിത്യാഗിയായി നടക്കുന്ന സ്വാധി പ്രാചിയും പറയുന്നത് കേട്ടപ്പോൾ തിരുവെഴുത്ത് എത്ര സത്യമായി.... തങ്ങളുടെ നിരുപണങ്ങളിൽ വ്യർത്ഥരായി തീർന്നു. അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി. ജ്ഞാനികൾ എന്ന് പറഞ്ഞ് അവർ മൂഢൻമാരായിപ്പോയി, അക്ഷയനായ ദൈവത്തിന്റെ തേജസ്സിനെ അവർ ക്ഷയമുള്ള നാല്ക്കാലി... എന്നിവരുടെ രൂപസാദൃശ്യമാക്കി മാറ്റിക്കളഞ്ഞു (റോമർ 1:21-23).

ഇതെല്ലാം മൃഗങ്ങളുടെ പേരിലാണെങ്കിൽ ഹരിയാനയിലെ ഫരീദാബാദിൽ അതിരാവിലെ മൂന്നുമണിക്ക് ഉറങ്ങിക്കിടന്ന ദളിത് കുടുംബത്തിൽ ചാതുർവർണ്ണ്യത്തിന്റെ മേലാളൻമാർ കയറി പെട്രോൾ ഒഴിച്ച് കത്തിച്ചപ്പോൾ ചാരമായത് 3 വയസ്സുകാരനും 9 മാസം പ്രായമായ പിഞ്ചുകുഞ്ഞും. ഉന്നതകുലജാതർ മാത്രം ജനിച്ചാൽ മതി എന്ന അഹങ്കാരവും രാഷ്ട്രീയ പിൻബലവും.

നാനാത്വത്തിൽ ഏകത്വം പ്രസംഗിക്കുകയും സഹിഷ്ണുതയുടെയും സമാധാനത്തിന്റെയും നാടെന്ന് കൊട്ടി ഘോഷിക്കുകയും ഹിന്ദുവും മുസ്ലീമും ക്രിസ്ത്യാനിയും ഏക സഹോദരങ്ങളെപ്പോലെ വാഴുകയും ചെയ്ത നമ്മുടെ ഭാരതത്തിന് ഇന്നെന്തുപറ്റി?

യേശുവിന്റെ കാലഘട്ടത്തിലും ഈ അസഹിഷ്ണുത ഒട്ടും കുറവായിരുന്നില്ല. മതത്തിന്റെ പേരിൽ വെറും നിസ്സാര കാര്യങ്ങൾക്ക് പോലും ശിക്ഷ നൽകിയിരുന്ന കാലം. ശിഷ്യന്മാർ ഭക്ഷണത്തിന് ഇരിക്കുമ്പോൾ കൈ കഴുകാത്തതും (മത്താ 15:2) ഉപവസിക്കാത്തതും (മർക്കൊസ് 2:18) ശബ്ബത്തിൽ കതിർ പറിച്ച് തിന്നുന്നതും (മർക്കൊസ് 2:24) യേശു ശബ്ബത്തിൽ രോഗികളെ സൗഖ്യ മാക്കിയതും (മർക്കൊസ് 3:5-6),

> **സഭകളിലെ അനാത്മികയതയെ ചോദ്യം ചെയ്ത്, പ്രാർത്ഥനാലയത്തെ ചന്തസ്ഥലമാക്കിയ യരുശലേം ദേവാലയത്തിനകത്തേക്ക് ചാട്ടവാറുമായി കയറിയ യേശുവിനെ അന്നത്തെ അസഹിഷ്ണുക്കൾ കുരിശ്ശിലേറ്റി. ഇന്നും ആ സമ്പ്രദായം നിർബാധം തുടർന്നു പോരുന്നു**

അന്നത്തെ പരീശ സമൂഹം അസഹിഷ്ണുക്കളാക്കിയിരുന്നു.

ഈ അസഹിഷ്ണത ഇന്നത്തെ സഭകളിലും കാണാം. സഭ എന്നാൽ ഈ അസഹിഷ്ണുക്കൾ പറയുന്നത് മാത്രം ആണെന്നും മറ്റുള്ളവർ തങ്ങളുടെ വാക്കുകൾ അനുസരിക്കാൻ മാത്രം വിധിക്കപ്പെട്ടവരും എന്ന മിഥ്യാധാരണ വെച്ചു പുലർത്തുന്നവർ. അവരുടെ തെറ്റുകൾക്ക് നേരെ വിരൽ ചൂണ്ടിയാൽ മാംസം തിന്നാൻ ഓടി വരുന്ന വ്യഘ്രം കണക്കെ ചാടി വീഴും. "ഞാൻ അതിശക്തൻ എനി ക്ക് കുറവുകൾ ഒന്നും ഇല്ല". പിന്നെ ഏതു വിധേനയും മറ്റുള്ളവരെ തകർക്കുക എന്നതാണ് അവരുടെ ഗൂഢലക്ഷ്യം. അതിന് ആത്മീകം വിട്ട് ഏത് ചീത്ത മാർഗ്ഗവും അവർ പുറത്തെടുക്കും.

സഭകളിലെ അനാത്മികയതയെ ചോദ്യം ചെയ്ത് പ്രാർത്ഥനാലയത്തെ ചന്തസ്ഥലമാക്കിയ യരുശലേം ദേവാലയത്തിനകത്തേക്ക് ചാട്ടവാറുമായി കയറിയ യേശുവിനെ അന്നത്തെ അസഹിഷ്ണുക്കൾ കുരിശ്ശിലേറ്റി. ഇന്നും ആ സമ്പ്രദായം നിർബാധം തുടർന്നു പോരുന്നു. എല്ലാം സ്നേഹത്തിലും സഹനത്തിലും പ്രാർത്ഥനയോടും നേരിടുന്ന ക്രിസ്തുവിന്റെ ഭാവം എന്നേ സഭ കൈവിട്ടു. ''ഭ്രമം കെട്ടവരെ ബുദ്ധി ഉപദേശിപ്പിൻ, ഉൾക്കരുത്ത് ഇല്ലാത്തവരെ ധൈര്യപ്പെടുത്തുവിൻ ബലഹീനരെ താങ്ങുവിൻ, എല്ലാവരോടും ദീർഘക്ഷമ കാണിപ്പിൻ, ആരും തിൻമയ്ക്കു പകരം തിൻമ ചെയ്യാതിരിപ്പാൻ നോക്കുവിൻ. തമ്മിലും എല്ലാവരോടും എപ്പോഴും നൻമ ചെയ്തുകൊണ്ടിരിപ്പിൻ (1 തിമോഥിയോസ് 5:13-15)'' എന്നെല്ലാമുള്ള ശ്ലീഹന്മാരുടെ വാക്കുകൾക്ക് ആരു ചെവികൊടുക്കുന്നു. ക്ഷമിക്കുക എന്നാൽ അതിനർത്ഥം തെറ്റുചെയ്തവൻ ശരിയാണെന്നും നീ തെറ്റാണെന്നും അല്ല മറിച്ച് ബന്ധങ്ങൾ നിലനിർത്താൻ അവരെക്കാൾ കഴിവ് നിനക്കുണ്ടെന്നാണ്.

യേശു പറഞ്ഞു ''എന്റെ നാമം നിമിത്തം എല്ലാവരും നിങ്ങളെ പകക്കും അവസാനത്തോളം സഹിച്ചു നിൽക്കുന്നവനോ രക്ഷിക്കപ്പെടും (മത്തായി 10:22)'' പൗലൊസ് ശ്ലീഹാ അതിനെ ഏറ്റു ചൊല്ലി സഹിച്ചു നിന്നാൽ കൂടെ വാഴാം. ഇവിടെ സഹിഷ്ണത നമുക്ക് ആവശ്യം. സഭകളിലെ അസഹിഷ്ണത അവസാനിപ്പിച്ച് ക്ഷമ ശീലിക്കാം. പൂർവ്വികന്മാരെ പോലെ ഒരുമിച്ച് നിന്ന് പ്രാർത്ഥിക്കാം. സഭയും നമ്മുടെ രാജ്യവും ഉണരട്ടെ!!!

നാലാം പേജിൽ നിന്ന് തുടർച്ച

# കൃപയും ആരാധനയും ഭക്തിയും

ത്തിൽ ആയിത്തീരുന്നു. അവർക്ക് നിത്യാശ്വാസവും നല്ല പ്രത്യാശയും ക്രിസ്തുവിൽ നിന്ന് ലഭിക്കുന്നു. അവർ കൃപയിലും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലും വളർന്ന് വരണം. ഒന്നാം നൂറ്റാണ്ടിലെ സഭയിൽ കൃപവർദ്ധിച്ചുവരുവാനുണ്ടായ കാരണങ്ങൾ അ:പ്രവൃത്തി ആരംഭ അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഏറ്റവും പ്രധാനം ഐക്യത, ആരാധന ഒന്നിച്ചുള്ള പ്രാർത്ഥന എന്നിവ ആയിരുന്നു. ആയതിനാൽ എല്ലാവർക്കും ധാരാളം കൃപലഭിച്ചു. ഈ കൃപയെക്കുറിച്ച് അ:പ്രവൃത്തികളിൽ 10ൽ അധികം പ്രാവശ്യം രേഖപ്പെടുത്തിയിരിക്കുന്നു. (4:33, 11:23, 13:43, 14:3.26,15:11,40, 18:27, 20:24,32).

ഈ നിലയിൽ കൃപ പ്രാപിച്ചവർ ശ്രേഷ്ട അപ്പോസ്തലനായ പൗലോസിനെപ്പോലെ ഭക്തരായി ജീവിപ്പാൻ സർവ്വകൃപാലുവായ ദൈവം സഹായിക്കും. തന്റെ മുഴുജീവിതത്തിന്റെയും സമസ്ത വിജയത്തിന്റെയും കാരണം ദൈവ കൃപയായിരുന്നുവെന്ന് താൻ തന്നെ രേഖപ്പെടുത്തിയിരിക്കുന്നു. ഞാൻ ആകുന്നത് കൃപയാൽ ആകുന്നു. എന്നോടുള്ള അവന്റെ കൃപ വ്യർത്ഥമായില്ല. ഞാനല്ല എന്നോടു കൂടെയുള്ള ദൈവ കൃപയത്രെ (1 കൊരി 15:10). ഒരു പക്ഷെ നാം ഇന്ന് ഈ കൃപയിൽ നിന്ന അകന്ന് നിൽക്കുകയാണെങ്കിൽ അതുകൊണ്ട് കരുണ ലഭിപ്പാനും തത്സമയത്ത് സഹായിക്കാനുമുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന് അടുത്ത് ചെല്ലുക (എബ്രായർ 4:16).

## രചനകൾ ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ, ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊളളുന്നു. ദയവായി എല്ലാമാസവും 25-ാം തീയതിക്ക് മുമ്പായി ഡൽഹി ഓഫീസിൽ ലഭിക്കതക്കവിധം അയക്കുക.

ഇ-മെയിൽ അയക്കുവാൻ ആഗ്രഹിക്കുന്നവർ **msamuelkutty@gmail.com** എന്ന വിലാസത്തിൽ അയക്കുക

*-പത്രാധിപർ*


## വിശ്വാസ ഗീതങ്ങൾ

*ഒരു ഉത്തമ ഗാനോപഹാരം*

മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, റോമൻ സ്ക്രിപ്റ്റിലുമായി
1000ൽപ്പരം ഗാനങ്ങൾ
കൂടാതെ സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ,
പ്രേംവാണി(ഹിന്ദി), കൺവൻഷൻ ഗാനങ്ങൾ,
സ്നേഹമാധുരി, പ്രേമമാധുരി(തെലുങ്ക്),
സ്നേഹ നിധി (എം. പി. ത്രി)
എന്നീ ആഡിയോ സിഡികളും ലഭ്യമാണ്

കോപ്പികൾക്ക്:-
**Pastor M. Samuelkutty**
Yash Apartments, Flat No 101, First Floor, 96/E,
Ward No: 2, Mehrauli, New Delhi-110030



## ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ

### ക്രിസ്തീയ സേവനത്തിന്റെ 27-ാം വർഷത്തിൽ

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്- ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (കേരളം)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. ഐ.സി.എം. അക്കാദമികൾ (ബീഹാർ)
5. കോച്ചസ് ചൈൽഡ് ഡെവലെപ്പ്മെന്റ് സെന്റർ (ബീഹാർ)
6. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം)
7. വിശ്വാസി പബ്ളിക്കേഷൻസ്
8 മ്യൂസിക്കൽ സി.ഡികൾ (സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേംവാണി (ഹിന്ദി), പ്രേമമാധുരി (തെലുങ്ക്)

**ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം**

1. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
2. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

**സംഭാവനകൾക്ക് ആദായനികുതി (80ജി) ഇളവ് ലഭിക്കുന്ന രസീത് നൽകുന്നതാണ്.**

**INDIAN CHRISTIAN MISSION**
**Yash Apartments, Flat no 101, First Floor, 96/E,**
**Ward No: 2, Mehrauli, New Delhi-110030**
**E-mail: icm4india@yahoo.com, Website: www.indianchristianmission.com**

Flat No 101, First Floor, 96/E,
Ward No: 2, Mehrauli,
New Delhi-110030

# VISWASI

NEWSPAPER REGN. No. 65362/97
POSTAL REGN.NO. DL 07/0138/15 - 17

Tel : 91 9810084388, e-mail : icm4india@yahoo.com, website- www.indianchristianmission.com

Price Rs. 3/-

## കൃപയും ആരാധനയും ഭക്തിയും

പാസ്റ്റർ അലക്സാണ്ടർ സാമുവൽ

*"ഞാനോ നിന്റെ കൃപയുടെ ബഹുത്വത്താൽ നിന്റെ ആലയത്തിലേക്ക് ചെന്ന് നിന്റെ വിശുദ്ധമന്ദിരത്തിനു നേരെ നിങ്കലുള്ള ഭക്തിയോടെ ആരാധിക്കും"* (സങ്കീർത്തനങ്ങൾ 5:7)

**ദൈവാരാധനയോടുള്ള** ബന്ധത്തിൽ ദാവീദിന്റെ ഉറച്ച തീരുമാനമാണ് ഈ വാക്യത്തിൽ കാണുന്നത്. തന്റെ സങ്കീർത്തനങ്ങളിൽ കാണുന്ന പ്രത്യേക പദ പ്രയോഗമാണ് 'ഞാനോ' എന്നത്. പ്രതികൂല സാഹചര്യങ്ങളിൽ താൻ ഒറ്റയ്ക്ക് നിൽക്കുന്ന വേളകളിൽ വ്യക്തിപരമായി എടുക്കുന്ന തീരുമാനത്തെയാണ് ഇത് കാണിക്കുന്നത് (1 ശാമുവൽ 17:45) എന്നാൽ എബ്രാ. 11:38 ൽ "ലോകം അവർക്ക് യോഗ്യമായിരുന്നില്ല"

"എന്നാൽ ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ളവർക്ക് എല്ലാം ഉപദ്രവം ഉണ്ടാകും". (2 തിമ. 3:12) കാരണം ഇതിന്റെ മാതൃക നമ്മുടെ അരുമനാഥനായ കർത്താവാണ്. നാം ചെന്നായ്ക്കളുടെ നടുവിൽ കുഞ്ഞാടുകളും, മുള്ളുകളുടെ ഇടയിലെ താമരയും വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ അനിന്ദ്യരും പരമാർത്ഥികളും എന്നപോലെയാണ്. 'ഇരുട്ടിന്റെ കാഠിന്യം എത്ര വർദ്ധിച്ചാലും വെളിച്ചത്തെ കെടുത്തുവാൻ കഴിയുകയില്ല."

ദാവീദിനെ ആരാധനയ്ക്കായി പ്രേരിപ്പിച്ചത് ദൈവ കൃപയുടെ മഹത്വം അഥവാ അതിന്റെ മഹാത്മ്യം മനസ്സിലാക്കിയതുകൊണ്ടാണ്. ധനമോ, കുടുംബമഹിമയോ, ശാരീരിക സുഖമോ, ആൾബലമോ മറ്റിതര ഭൗതീക വസ്തുക്കളോ അല്ല, മറിച്ച് ദൈവകൃപ യുടെ ബഹുത്വം ആണ്. അതായത് അർഹതയില്ലാത്തിടത്ത് ലഭിച്ച ദാനം. അതത്രെ ദൈവ കൃപ.

> **ഒന്നാം നൂറ്റാണ്ടിലെ സഭയിൽ കൃപ വർദ്ധിച്ചു വരുവാനുണ്ടായ കാരണങ്ങൾ അപ്പൊ.പ്രവൃത്തി ആരംഭ അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഏറ്റവും പ്രധാനം ഐക്യത, ആരാധന, ഒന്നിച്ചുള്ള പ്രാർത്ഥന എന്നിവ ആയിരുന്നു**

പഴയനിയമത്തിൽ ഈ കൃപയെക്കുറിച്ച് ധാരാളം പ്രാവശ്യം രേഖപ്പെടുത്തിയിട്ടുണ്ട്. ആദ്യ അദ്ധ്യായങ്ങളിൽ ദൈവകൃപ ലഭിച്ച നോഹയെ ക്കുറിച്ചും അവനും അവന്റെ കുടുംബത്തിനും ലഭിച്ച വിടുതലും ഉല്പ. 6:8ൽ രേഖപ്പെടുത്തിയിരിക്കുന്നു. അതുപോലെ ലോത്തിനോട് ദൈവത്തിന് കൃപ തോന്നി (ഉല്പ. 19: 18). മുകളിൽ പറയപ്പെട്ട രണ്ട് ന്യായവിധികളുടേയും പശ്ചാത്തലം പഠിച്ചാൽ 'തിന്നും കുടിച്ചും വിവാഹത്തിന് കൊടുത്തും വിവാഹം കഴിപ്പിച്ചും വിറ്റും നട്ടും പണിതും പോന്ന അവരെയെല്ലാം മുടിച്ചു കളഞ്ഞപ്പോൾ അവരുടെ ഇടയിൽ കൃപ ലഭിച്ചവരെത്രെ നോഹയും ലോത്തും.

പഴയ നിയമത്തിൽ യഹോവയായ ദൈവത്തെ കൃപ നിറഞ്ഞവനായി കാണുവാൻ കഴിയും. (പുറപ്പാട് 34:6, സങ്കീ: 103:8) എന്നാൽ പുതിയനിയമ വിശ്വാസികളാകുന്ന ദൈവസഭയുടെ നാഥനായ ക്രിസ്തുവിലാണ് കൃപയുടെ പൂർണ്ണത കാണുവാൻ കഴിയുന്നത്.

യേശുവിന്റെ ജനനം കൃപ ലഭിച്ചവളിലൂടെയായിരുന്നു. (ലൂക്കോസ് 1:28) അവൻ കൃപയിൽ വളർന്നു (ലൂക്കോസ് 2:40) കൃപ നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. (യോഹന്നാൻ 1:14) നമുക്ക് വേണ്ടി ദരിദ്രനായിത്തീർന്ന കൃപ (1 കൊരി 8:9) നമുക്ക് വരുവാനുള്ള കൃപയെക്കുറിച്ച് പ്രവചിച്ച പ്രവാചകന്മാർ ഈ രക്ഷയെ ആരാഞ്ഞു. (1 പ്രവ. 1:10) മാത്രമല്ല അവന്റെ കൃപയുടെ നിറവിൽ നമുക്കെല്ലാവർക്കും കൃപമേൽ കൃപലഭിച്ചു.

**കൃപയുടെ അർത്ഥം**

പിതാവായ ദൈവം കർത്താവായ യേശു ക്രിസ്തുവിലൂടെ നമ്മെ സ്നേഹിച്ച് നമുക്ക് തന്നിരിക്കുന്ന പാപത്തിൽ നിന്നുള്ള വീണ്ടെടുപ്പാണ് കൃപ. (2 തെസ്സ 2:16,17, എഫെ 2:8, 1:4–6). ഇതുമൂലം വിശ്വസിക്കുന്നവർ രൂപാന്തര അനുഭവ

(ശേഷം മൂന്നാം പേജിൽ)

ക്രമീകൃത വേദപഠനത്തിന് ഒരു അംഗീകൃത സ്ഥാപനം

**ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ്**

(ഒരു ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്ഥാപനം)

വിജയകരമായ പന്ത്രണ്ടാം വർഷത്തിലേക്ക് പ്രവേശിക്കുന്നു

| കോഴ്സ് | കാലദൈർഘ്യം | യോഗ്യത | മാധ്യമം |
|---|---|---|---|
| ബാച്ചിലർ ഇൻ തിയോളജി | 3 വർഷം | +2, എച്ച്. എസ്. ഇ. | ഇംഗ്ലീഷ് |
| ഡിപ്ലോമ ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി | മലയാളം |
| സർട്ടിഫിക്കറ്റ് ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി | മലയാളം |

സുവിശേഷീകരണത്തിൽ പ്രായോഗിക പരിശീലനം

യോഗ്യതയും ആത്മനിറവുമുള്ള അധ്യാപകർ

പഠനാനന്തരം ശുശ്രൂഷയ്ക്കുള്ള അവസരങ്ങൾ

അയാട്ട (IATA) അംഗീകൃതം

*റഗുലർ ബാച്ചിൽ പഠിക്കുവാൻ കഴിയാത്ത ഉദ്യോഗസ്ഥർക്കും സുവിശേഷവേലയിൽ താല്പര്യമുള്ള കുടുംബസ്ഥർക്കും വേണ്ടി സി.റ്റി.എച്ച് സായാഹ്ന കോഴ്സ്.*

Faith Celebration Bible College, Shanthy Nagar, Police Station Road, Adoor PO, Pathanamthitta, Kerala 691523,
Ph. 04734 - 225213, 9961813058 E-Mail:- fcbcadur@yahoo.com, Website: www.indianchristianmission.com

## ഉത്തമമായ ആതിഥ്യം



ഇവാ. സാംസൺ സാമുവൽ
ചിക്കാഗോ

**ലി**യോണാഡോ ബോഫ് എന്ന് വിഖ്യാതനായ വേദ പണ്ഡിതന്റെ അഭിപ്രായത്തിൽ ഒരു നല്ല ഭവനത്തിന്റെ വിശിഷ്ടതകളിൽ ഒന്ന് ആതിഥ്യമര്യാദയാണ്. നമ്മുടെ ചുറ്റുപാടുമുള്ള ലോകം ഇന്ന് വ്യക്തിപരമല്ലാത്തതായി മാറിയിരിക്കുന്നു. പരസ്പരം മനസ്സിലാക്കി ഒരുമയോടെ വസിക്കുന്ന സമൂഹങ്ങളുടെ പഴയ സുവർണ്ണ കാലങ്ങൾ കഷ്ടിച്ചേ നിലനിൽക്കുന്നുള്ളു... നമ്മുടെ സ്വന്തം ഭവനത്തിലേയും അയൽകൂട്ടത്തിലേയും സമൂഹത്തിലേയും ആളുകളെ മനസ്സിലാക്കുന്നതിനേക്കാൾ ഉപരിയായി ഇന്ന്, ടെലിവിഷനുകളിലും, മൊബൈൽ ഫോണുകളിലും ഫേസ്ബുക്കിലും മറ്റ് സാമൂഹിക മാധ്യമങ്ങളിലും പ്രത്യക്ഷപ്പെടുന്ന, നാം ഒരിക്കലും വ്യക്തിപരമായി കണ്ടിട്ടില്ലാത്ത വിശിഷ്ട വ്യക്തികളെക്കുറിച്ചറിയുവാൻ നാം ജാഗ്രതയുള്ളവരായിരിക്കുന്നു. അതിന്റെ കാരണം സാങ്കൽപിക ലോകമാണ് ഈ പുതുയുഗത്തെ നയിക്കുന്നത്, അല്ലാതെ ധാർമിക ഗുണങ്ങളല്ല. ഇന്ന് മനുഷ്യനെക്കാൾ പ്രാധാന്യം ശാസ്ത്രസാങ്കേതിക വിദ്യയ്ക്കാണ്. സ്നേഹത്തെക്കാളും ആതിഥ്യത്തെക്കാളും ജനങ്ങളുടെയും രാജ്യങ്ങളുടെയും ഇടയിൽ വളരുന്നത് വെറുപ്പാണ്. കൂട്ടക്കുരുതിക്കുവേണ്ടി ഒരുങ്ങപ്പെടുന്ന അണ്വായുധങ്ങൾ ഇതിന് തെളിവാണ്. നാം നേടുന്ന സാങ്കേതികമായ അഭിവൃദ്ധി സത്യത്തിൽ സാമൂഹ്യ ജീവിതത്തെ നശിപ്പിക്കുകയാണ്.

നാം എന്തു ചെയ്യേണ്ടിയിരിക്കുന്നു? എങ്ങനെ നമുക്ക് ഈ സ്ഥിതിക്ക് മാറ്റം വരുത്തുവാൻ കഴിയും? ബോഫിന്റെ അഭിപ്രായപ്രകാരം, ഈ മാറ്റപ്രക്രിയക്കുവേണ്ട അടിസ്ഥാനപരമായ മൗലികഘടകം ആതിഥ്യം എന്നതാണ്. എങ്ങനെ ഇത് നടപ്പിലാക്കാം? നമ്മുടെ ആതിഥ്യമര്യാദയുടെ രീതികളെ നിയന്ത്രിക്കുന്ന സാഹചര്യങ്ങളാൽ ചുറ്റപ്പെട്ടവരാണ് നാം. സോപാധികവും നിരുപാധികവുമായ ആതിഥ്യം നമുക്കാവശ്യമാണ്. അതിന് ബോഫ് ഉദാഹരണമായി പറയുന്നതും മാതൃകയാക്കുന്നതും ഫ്രിഗ്യക്കാരായ ഫിലോമോന്റെയും ബോകിസിന്റെയും കഥയാണ്. പ്രായമായ ഈ ദമ്പതികൾ വളരെ പാവപ്പെട്ടവരായിരുന്നിട്ടും രണ്ടു വഴിപോക്കരെ തങ്ങളുടെ ഭവനത്തിലേക്ക് സ്വീകരിച്ചു. തങ്ങളുടെ പരിമിതമായ അവസ്ഥകൾ കണക്കാക്കാതെ ആ അതിഥികളെ അവർ നിരുപാധികം ശുശ്രൂഷിച്ചു. മറ്റൊരാളായി അവരെ കാണാതെ തങ്ങൾക്കുള്ളതെല്ലാം അവർക്ക് കൊടുത്ത് അവരെ മാനിച്ചു. ആ ദമ്പതികളുടെ കഥയിൽ നിന്നും അതിഥി സൽക്കാരത്തിന് ബോഫ് ചില കാര്യങ്ങൾ പഠിപ്പിക്കുന്നു.

**1. സംവേദന ക്ഷമത**

മറ്റുള്ളവരുടെ അടുക്കൽ ചെന്ന് അവർക്ക് ഒരു സഹായം ചെയ്യുന്നതിന് കാരണങ്ങളോ നിയമങ്ങളോ വേണ്ട. മറ്റുള്ളവരുടെ ആവശ്യം നമ്മുടെതാണെന്ന് കാണാനുള്ള പ്രാപ്തിയും മനോഭാവവുമാണ് അതിനാവശ്യം. ഈ വികാരപരമായ വിവേകത്തെയാണ് ആതിഥ്യത്തിലെ സംവേദനക്ഷമത എന്ന് പറയുന്നത്.

**2. മനസ്സലിവ്**

മറ്റുള്ളവരുടെ ആഗ്രഹത്തെ അറിഞ്ഞ് പങ്കുവയ്ക്കുവാനുള്ള പ്രാപ്തിയെയാണ് മനസ്സലിവ് എന്ന് പറയുന്നത്. അവരുടെ എല്ലാ സാഹചര്യങ്ങളിലും അവരോട് ചേർന്ന് നടക്കുകയും ആ സാഹചര്യങ്ങളെ അനുഭവിച്ചറിയുകയും അവരെ കൈവിടാതിരിക്കുകയും ചെയ്യുന്ന അവസ്ഥ.

**3. സ്വാഗതം ചെയ്യൽ**

വിവേകപരവും കരുണാർദ്രവും ആയിത്തീരുന്നതിന്റെ ഫലമാണ് സ്വാഗതം ചെയ്യൽ. തങ്ങൾ സുരക്ഷിതരാണെന്നും മാനിക്കപ്പെടുന്നുവെന്നുമുള്ള ബോധ്യപ്പെടുത്തലാണിത്. ഹിന്ദി ഭാഷയിലെ **നമസ്തേ** എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത് എന്നിലുള്ള ദൈവീകത്വം താങ്കളിലുള്ള ദൈവീകത്വത്തെ വണങ്ങുന്നു എന്നതാണ്. ക്ഷീണിതനായി കടന്നുവരുന്ന വ്യക്തി ഇരിക്കാനൊരിടം ആഗ്രഹിക്കുന്നു. അദ്ദേഹത്തിന് ഒരു ഇരിപ്പിടം നൽകുക എന്നത് കാണിക്കുന്നത് ഒരുമയുള്ള ജീവിതം എന്നതാണ്.

**4. കുടിവെള്ളം നൽകുക**

ഇന്ത്യൻ സംസ്കാരമനുസരിച്ച് ദാഹിച്ചുവരുന്ന വ്യക്തിക്ക് വെള്ളം നൽകുക എന്നത് ദൈവീകമായ പ്രവൃത്തിയാണ്. ഉത്തരേന്ത്യയിൽ ഇത് സർവ്വസാധാരണമാണ്. വെള്ളം ജീവനാണ്.

**5. തീ കത്തിക്കുക**

ഇത് സൗഹൃദത്തെ കാണിക്കുന്നു. തീ വെളിച്ചത്തെയും ഉന്മേഷത്തെയും ജീവന്റെ സാന്നിദ്ധ്യത്തെയും പ്രതിനിധീകരിക്കുന്നു.

(ശേഷം രണ്ടാം പേജിൽ)

Edited, Printed, Published and Owned by Pastor M. Samuelkutty, Flat No 101, A-Block, 96-E, Ward No-2, Mehrauli, New Delhi-110030